**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 54** **17-09-2025 - ൽ മറുപടിയ്ക്ക്**

**ശബരിമലയിലെ യുവതി പ്രവേശനം സംബന്ധിച്ച സത്യവാങ്മൂലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ , ശ്രീ. ഐ. സി. ബാലകൃഷ്ണൻ , ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. വി.എൻ വാസവൻ (തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | ശബരിമലയിലെ യുവതി പ്രവേശനം സംബന്ധിച്ച് 2011-2016-ലെ സർക്കാർ നൽകിയ സത്യവാങ്മൂലം 2016-2021-ലെ സർക്കാർ തിരുത്തി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ശബരിമലയിലെ യുവതി പ്രവേശനം സംബന്ധിച്ച് 2011-16 കാലയളവിലെ സർക്കാർ നൽകിയ അഡീഷണൽ സത്യവാങ്മൂലം മുൻ സർക്കാർ തിരുത്തി നൽകിയിട്ടില്ല. |
| (ബി) | ശബരിമലയിൽ സ്ത്രീപ്രവേശനവുമായി ബന്ധപ്പെട്ട സുപ്രീം കോടതി വിധിക്ക് അടിസ്ഥാനമായ സംസ്ഥാന സർക്കാരിന്റെ സത്യവാങ്മൂലം പിൻവലിക്കാൻ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (ബി) | ശബരിമലയിൽ സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട സുപ്രിം കോടതി വിധി പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഹർജികൾ നിലവിൽ വിശാല ബെഞ്ചിന്റെ പരിഗണനയിലാണ്. പുനഃപരിശോധനാ ഹർജികൾ നിലനിൽക്കുമോ എന്ന വിഷയം മാത്രമേ കോടതി പരിഗണിച്ചിട്ടുള്ളു. തുടർനടപടികൾ ആരംഭിക്കാത്ത സാഹചര്യത്തിൽ സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ട നിലപാട് പരിശോധിക്കേണ്ടതായി വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ